ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ് നികത്തുന്നതിന് അനുസരിച്ച് കാസർഗോഡ് ജില്ലയിൽ ലാഭകരമായി ഓടിക്കത്തക്ക റൂട്ടുകളിൽ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

മോട്ടോർ വാഹനവകുപ്പിൽ നിന്നുള്ള വരുമാനം

39 (1596) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ ഇതുവരെ മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള വരുമാനം എത്രയാണ് ;

(ബി) മോട്ടോർ വാഹന വകുപ്പിൽ 2000-2001 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ എന്തു തുകയാണ് ചെലവഴിക്കുന്നത് ?

ഉത്തരം

(എ) 24-2-2001 വരെ 3,40,09,00,114 രൂപ (മുന്നൂറ്റിനാൽപതു കോടി ഒൻപതു ലക്ഷത്തി ഒരുനൂറ്റി പതിനാല് രൂപ) പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 2000-2001 സാമ്പത്തിക വർഷം ശമ്പളയിനത്തിൽ 13.5 കോടി രൂപ ചിലവ് 4 വരും. 28-2-2001 വരെ 12.3 കോടി രൂപ ശമ്പളയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

40 (1597) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പിൽ 1998-99 വർഷത്തേയ്ക്ക് നിശ്ചയിച്ചിരുന്ന റവന്യൂ വരുമാനത്തിന്റെ ടാർജറ്റ് എന്തായിരുന്നു ;

(സി) അതിൽ 1999 ഫെബ്രുവരി വരെ എന്തു തുക പിരിച്ചെടുത്തിട്ടുണ്ട് ;

(ഡി) ടാർജറ്റ് പ്രകാരം ഉള്ള റവന്യൂ പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത വകുപ്പിലെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ വകുപ്പു സർക്കാരിന് നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ജി) വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും സർക്കാർ തലത്തിൽ പര്യാപ്തമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി വാഹന പരിശോധന കർശനമാക്കി. നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുകയും നികുതിക്ക് പുറമെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുന്നതിനും റവന്യൂ റിക്കവറി ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 450 കോടി രൂപ. (നാന്നൂറ്റി അൻപത് കോടി രൂപ മാത്രം)

(സി) 2,89,05,39,868 രൂപ (ഇരുന്നൂറ്റി എൺപത്തി ഒൻപത് കോടി അഞ്ചു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്തി എട്ട് രൂപ മാത്രം.)

(ഡി) 1998-99 വർഷത്തെ ടാർജറ്റ് സംബന്ധിച്ചുള്ളതാകയാൽ ഇപ്പോൾ ഇതിന് പ്രസക്തിയില്ല.

(ഇ&എഫ്) ടാക്സ് അടക്കാതെയും വെട്ടിപ്പ് നടത്തിയും ഓടുന്ന വാഹനങ്ങൾക്കെതിരെ ഫലപ്രദമായി നടപടിയെടുക്കുന്നതിനും മറ്റും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും 5 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള 10 സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ജി) സ്വീകരിച്ചു വരുന്നു.

സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതിന് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

41 (1598) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറുന്നതിന് മുൻപ് പഴയ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിയമവ്യവസ്ഥയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly